# സ്നേഹത്തോടെ മലർവാടിക്ക്...



ഫെബ്രുവരി ലക്കത്തിൽ മൺ മറഞ്ഞുപോയ മഹാ നഗരങ്ങളെ കുറിച്ച് വന്നിരുന്നല്ലോ. 1920-ൽ ബ്രിട്ടീഷ് ആർക്കിയോളജിസ്റ്റായ ലിയോണാർഡ് വൂളിയാണ് ഉർ നഗരം കണ്ടെത്തിയത് എന്നെല്ലാമുള്ള വിവരങ്ങൾ ഞങ്ങൾക്ക് വളരെയധികം പ്രയോജനപ്പെട്ടു.

ഇത് വായിച്ചപ്പോൾ ഞങ്ങൾക്ക് കുറേ അറിവുകൾ ലഭിച്ചു. സ്കൂളിലെ സാമൂഹ്യശാസ്ത്ര പഠനത്തിനും ആ ലേഖനം ഉപകാരപ്പെട്ടു. അതെഴുതിയ സ്നെമ്യ മാഹിൻ ഷമീറിനും മലർവാടിക്കും നന്ദി. വരക്കാൻ പഠിക്കാം എന്ന പേജിലൂടെ ഞങ്ങൾ കുറേ ചിത്രങ്ങൾ വരക്കാനും പഠിച്ചു.

**ഫാത്തിമ തസ്നീം, റാനിയ നദ,**
**സൈമ, സന, ഹിന**
ഹിറ ഇംഗ്ലീഷ് സ്കൂൾ, ചാലാട്

പ്രിയപ്പെട്ട മലർവാടീ,
മലർവാടി മാസത്തിൽ രണ്ടു തവണ വരുന്നു എന്നതിൽ ഏറെ സന്തോഷം. മലർവാടിയിൽ വരുന്ന ഫുട്ട്നോട്ട് ധാരാളം അറിവുകൾ തരുന്നു. ജംഗിൾ ന്യൂസും ഫേസ് ബുക്ക് കിട്ടുവും എന്നെ ഏറെ ചിരിപ്പിക്കുന്നു. സ്കൂൾ പ്രൊജക്റ്റുകൾക്കായി പടങ്ങളോടൊപ്പം ആവശ്യമായ വിവരങ്ങളും മലർവാടിയിൽ നിന്ന് ലഭിക്കുന്നു.

**നജീബാ നാസർ,**
നജാത്ത് പബ്ലിക്ക് സ്കൂൾ

പ്രിയപ്പെട്ട മലർവാടിക്ക്,
ഒരുപാട് ദിവസമായി മലർവാടിക്ക് കത്തെഴുതാൻ ആഗ്രഹിക്കുന്നു. ഞാൻ മലർവാടി യുടെ സ്ഥിരം വായനക്കാരിയാണ്. മലർവാടിയിൽ വന്ന വാൾട് ഡിസ്നിയുടെ വിജയ കഥ എനിക്ക് വളരെയധികം പ്രിയപ്പെട്ടതായി. എനിക്ക് ഡിസ്നി കഥകളും കാർട്ടൂണുകളും വളരെ ഇഷ്ടമാണ്. ഡിസ്നിയെ കുറിച്ച് അറിയാൻ സഹായിച്ചതിന് ഒരായിരം നന്ദി. ഇപ്പോൾ എനിക്ക് ഡിസ്നി പാർക്കിൽ പോവാൻ വലിയ ആഗ്രഹമുണ്ട് . ഇത്തരം അറിവുകൾ തരുന്ന മലർവാടിക്ക് ഒരായിരം വിജയാശംസകൾ!



## മികച്ച കത്ത്

ഈ ലക്കത്തിലെ സമ്മാനാർഹമായ കത്ത് എഴുതിയത് **സഹൽ സാലിം** ആണ്. കത്തെഴുതിയ കൂട്ടുകാർക്കെല്ലാം മലർവാടിയുടെ അഭിനന്ദനങ്ങൾ.

**ആമിന ഹഫ്നിത,**
ക്ലാസ് 6, എ.യു.പി സ്കൂൾ
മലയമ്മ

പ്രിയപ്പെട്ട മലർവാടീ,
മലർവാടി ഞാൻ കാണുന്നത് മൂന്നാംക്ലാസ്സിൽ നിന്നാണ്. എനിക്ക് ആദ്യമൊന്നും മലർവാടി വായിക്കാൻ വലിയ താൽപര്യം ഇല്ലായിരുന്നു . ഇപ്പൊ എനിക്ക് എന്തെന്നില്ലാത്ത ഒരു ഇഷ്ടം. മലർവാടിയിൽ നിന്നുള്ള അറിവ് വളരെ ഉപകാരപ്രദമാണ് . മലർവാടിയിൽ ഏറ്റവും ഇഷ്ടം സ്കൂൾമുറ്റം തന്നെയാണ് .

സത്യത്തിൽ മലർവാടി എനിക്കല്ല, എന്റെ അനിയത്തിക്കാണ് വാങ്ങുന്നത്. വെറുതെ വായിച്ചു തുടങ്ങിയതാ, ഇപ്പോ അതില്ലാതെ പറ്റാത്ത അവസ്ഥയാ. ഇതിൽ ഏറ്റവും കൂടുതൽ ചിരിപ്പിച്ചത് ജംഗിൾ ന്യൂസും പിന്നെ ഫേസ്ബുക്ക് കിട്ടുവുമാണ്. പദപ്രശ്നം പൂരിപ്പിക്കാൻ ശ്രമിക്കും. പക്ഷേ ഇതുവരെ വിജയം കണ്ടിട്ടില്ല. മലർവാടിക്ക് എന്റെ ആശംസകൾ.

**സഹൽ സാലിം**
ഗവൺമെന്റ് ബ്രണ്ണൻ
എച്ച്.എസ്.എസ്

**നിങ്ങളുടെ കത്തുകൾ**
**മലർവാടി ദ്വൈവാരിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്- 12. കൂടാതെ** malarvadimag@gmail.com **എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.**